ഇതിൽ I-ാം വിഭാഗത്തിൽപ്പെടുന്ന 67 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 11.39 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. രണ്ടാം വിഭാഗത്തിൽപ്പെടുന്നവരുടെ പുനരധിവാസ തുക LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്കേ കണക്കാക്കാനാവൂ.

(ഇ) പുനരധിവാസ പദ്ധതികൾക്കുള്ള തുക ചെലവഴിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്.

(എഫ്) LIAC അപ്പീൽ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുകയും തുടർന്ന് തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസം പൂർത്തീകരിക്കുകയുമാണ് അവശേഷിക്കുന്ന നടപടികൾ.

എയർ കേരള

25 (*25) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരളാ വിമാന സർവ്വീസ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സീസൺ കാലയളവിൽ യാത്രക്കാരിൽ നിന്ന് അമിതമായ ചാർജ്ജ് ഈടാക്കുന്നത് തടയുന്നതിനും കാലതാമസം ഒഴിവാക്കി പ്രസ്തുത വിമാന സർവ്വീസ് പ്രവാസികളുടെ സഹായത്തോടെ നടപ്പാക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ&ബി) പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളും ദക്ഷിണേന്ത്യയിലെ മറ്റ് വിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബാംഗ്ലൂർ, ചെന്നൈ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമേ മറ്റുകാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ. അന്തർദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 8-6-2015 -ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പുതിയ വ്യോമയാന നയത്തിൽ ഇതേപ്പറ്റി ബന്ധപ്പെട്ട കക്ഷികളോട് (Interested parties/Stakeholders) അഭിപ്രായം ചോദിച്ചിരുന്നു. 5/20 rule തളളിക്കളയണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

തീരദേശ പ്രകൃതി പ്രതിഭാസം

26 (*26) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരമേഖലയിൽ അടുത്തകാലത്തുണ്ടായ പ്രകൃതി പ്രതിഭാസ വ്യതിയാനങ്ങളെക്കുറിച്ച് പഠനം നടത്താൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ ; എങ്കിൽ അതിന്റെ ഫലമെന്താണെന്ന് വെളിപ്പെടുത്തുമോ ;